പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3040

15/12/2015 ൽ മറുപടിയ്ക്ക്

## കാസർകോട്-പട്ടയത്തിനുള്ള അപേക്ഷകൾ

| ചോദ്യം<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർകോട് താലൂക്ക് ആഫീസിൽ നിലവിൽ പട്ടയത്തിനുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്; കാരണം വ്യക്തമാക്കുമോ: ഇതു സംബന്ധിച്ച വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളുടെ കാലപ്പഴക്കവും അപേക്ഷകരുടെ പേരു വിവരവും വ്യക്തമാക്കാമോ; | (എ) കാസർഗോഡ് താലൂക്ക് ഓഫീസിൽ നിലവിൽ **157** അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകർക്ക് പട്ടയം നല്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലാണ്. ഈ വിവരം അപേക്ഷകരെ രേഖാമൂലം അറിയിക്കാറില്ല. അർഹരായ മുഴുവൻ അപേക്ഷകളിൽ ഭൂമി പതിവിനുള്ള വിശദമായ പ്രൊപ്പോസൽ വില്ലേജ് ആഫീസർമാരിൽ നിന്നും ലഭ്യമാക്കി അടിയന്തിരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത അപേക്ഷകൾ പരിഹരിക്കപ്പെടാത്തത് ആരുടെ വീഴ്ച മൂലമാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ബി) അപേക്ഷകൾ പരിഹരിക്കപ്പെടുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ലെന്നും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ